പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4988 04-07-2012 -ൽ മറുപടിക്ക്

## ബദൽ തർക്ക പരിഹാര സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ആർ. സെൽവരാജ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. കെ.എം. മാണി<br>(ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | എ.ഡി.ആർ സെല്ലുകളുടെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | കേരളാസ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രധാന പ്രവർത്തന മേഖലകൾ സൗജന്യ നിയമ സഹായം, നിയമ ബോധവൽക്കരണം, ബദൽ തർക്ക പരിഹാര സംവിധാനം, നിയമസഹായ ക്ലിനിക്കുകൾ എന്നിവയാണ്. ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും, ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 14 ജില്ലാ കേന്ദ്രങ്ങളിലും പറവൂർ, മാവേലിക്കര എന്നീ കേന്ദ്രങ്ങളിലെ അഡീഷണൽ ജില്ലാകോടതികളോനുബന്ധിച്ചും എ.ഡി.ആർ സെന്ററുകൾ (Alternative Disputes Resolution Centers) നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) | തർക്കങ്ങൾ കോടതിയ്ക്ക് പുറത്തുവച്ചുതന്നെ അനുരഞ്ചനങ്ങൾ വഴി തീർപ്പാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് സെല്ലുകൾ നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബദൽ തർക്ക പരിഹാര സംവിധാനങ്ങളായ ലോക് അദാലത്ത്, മീഡിയേഷൻ എന്നിവ കാര്യക്ഷമമായി നടത്തുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ നിലവിൽ ഹൈക്കോടതിയോടനുബന്ധിച്ചും ജില്ലാ കോടതികളിലും താലൂക്ക് കേന്ദ്രങ്ങളിലുള്ള കോടതികളിലും അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളോടനുബന്ധിച്ചുമാണുള്ളത്. |

| | | |
|---|---|---|
| | | ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ലോക് അദാലത്തുകളിൽ ഹൈക്കോടതി നിലവിലുള്ള കേസുകളിന്മേലാണ് തീർപ്പുകൽപ്പിക്കുന്നത്. കോടതിയിൽ ഫയൽ ചെയ്യാത്ത തർക്കങ്ങൾ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടേയും, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മറ്റികളുടെയും ആഭിമുഖ്യത്തിൽ സ്ഥിരമായി നടത്തുന്ന ലോക് അദാലത്തുകളിൽ പരിഗണിച്ച് തീർപ്പു കൽപ്പിക്കുന്നുണ്ട്. ഇരു കക്ഷികളുടെയും ഭാഗം കേട്ടതിനുശേഷം, ജുഡീഷ്യൽ ഓഫീസറും (സർവീസിലുള്ളതോ വിരമിച്ചതോ) അഭിഭാഷകനും അടങ്ങുന്ന അദാലത്ത് ബഞ്ച് പുറപ്പെടുവിക്കുന്ന അവാർഡ് ഉഭയകക്ഷി സമ്മതപ്രകാരവും സിവിൽ കോടതി വിധി എന്നപോലെ നടപ്പാക്കാവുന്നതും, കോടതിയിൽ നിലവിലുള്ള കേസാണ് ലോക് അദാലത്തിൽ തീർപ്പാക്കുന്നതെങ്കിൽ, കോർട്ട് ഫീസ് കക്ഷികൾക്ക് തിരികെ നൽകുന്നതുമാണ്.<br><br>മറ്റൊരു ബദൽ തർക്കപരിഹാര സംവിധാനമായ മീഡിയേഷൻ നടത്തുന്നത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മീഡിയേഷൻ സെന്ററുകളിലാണ്. നിലവിൽ കോടതിയനുബന്ധ മീഡിയേഷൻ മാത്രമാണ് മീഡിയേഷൻ സെന്ററുകളിൽ നടത്തി വരുന്നത്. മീഡിയേഷൻ മുഖാന്തിരം ഉഭയ കക്ഷി സമ്മതപ്രകാരം എത്തിചേരുന്ന ധാരണയുടെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ അതാതു കോടതികൾ, കേസുകളിൻമേൽ വിധി പുറപ്പെടുവിക്കുന്നു. ഇത്തരം കേസുകളിലും കോർട്ട് ഫീ തിരികെ കൊടുക്കുന്നതു സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. കേരളാസ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ എ.ഡി.ആർ. സെന്ററുകൾ നിലവിൽ വരുന്നതോടുകൂടി പ്രസ്തുത സെന്ററുകളിലേയ്ക്ക് മാറ്റുന്നതാണ്. |
| സി) | ഈ സെല്ലുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; | ഹൈക്കോടതിയിലും 14 ജില്ലാ കേന്ദ്രങ്ങളിലും പറവൂർ, മാവേലിക്കര എന്നീ കേന്ദ്രങ്ങളിലെ അഡീഷണൽ ജില്ലാകോടതികളോടനുബന്ധിച്ചും എ.ഡി.ആർ സെന്ററുകൾ (Alternative Disputes Resolution Centers) പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ നടന്നുവരികയാണ്. |
| ഡി) | എല്ലാ ജില്ലകളിലും ഇതു വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | 23.2.12 -ലെ ഗവൺമെന്റ് ഉത്തരവ് (കൈയ്യെഴുത്ത്) നം. 72/2012/നിയമം പ്രകാരം എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും കൂടാതെ മാവേലിക്കരയും നോർത്ത് പറവൂറും എ.ഡി.ആർ. സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**